**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1053.

08.01.2014-ലെ മറുപടിയ്ക്ക്

**ചിറക്കുളം ടൂറിസം പദ്ധതി.**

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കാണക്കാരി പഞ്ചായത്തിലെ ചിറക്കുളം ടൂറിസം പദ്ധതിക്കായി സമർപ്പിച്ച പ്രൊപ്പോസലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ചിറക്കുളം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിൽ നിലവിലുള്ള പി2/15373/12 എന്ന ഫയലിന്റെ തുടർ നടപടി വ്യക്തമാക്കാമോ; ഈ ഫയലിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം

**ശ്രീ.എ.പി.അനിൽകുമാർ**
(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ)യും (ബി)യും
കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കാണക്കാരി പഞ്ചായത്തിലെ ചിറക്കുളം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോട്ടയം ഡി.റ്റി.പി.സി. സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ